# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1759** **05-02-2019 ൽ മറുപടിയ്ക്ക്**

### നൂനപക്ഷ ക്ഷേമത്തിനായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ. ശശി** | **ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| ന്യൂനപക്ഷ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; ഇവയുടെ വിശദവിവരം ലഭ്യമാക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നിലവിൽ തുടർന്നുവന്നിരുന്ന പദ്ധതികൾക്കു പുറമേ താഴെപ്പറയുന്ന പുതിയ പദ്ധതികൾ കൂടി നടപ്പിലാക്കിയിട്ടുണ്ട്.<br>1. എസ്.എസ്.എൽ.സി., പ്ലസ് ടു , വി.എച്ച്.എസ്.സി.(10000/-രൂപ) , ബിരുദ/ ബിരുദാനന്തര ബിരുദ തലങ്ങളിൽ (15000/- രൂപ) ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്.<br>2. വിധവ/വിവാഹബന്ധം വേർപെടുത്തിയ / ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി. 50000/- രൂപയാണ് ധനസഹായം. മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മുൻഗണന നൽകുന്നതാണ്.<br>3. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ചികിത്സാ ധനസഹായം.<br>4. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.<br>5.. നഴ്സിങ് / പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി. പ്രതിവർഷം 15000/- രൂപ നൽകുന്നു.<br>6.. സർക്കാർ / എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി. പ്രതിവർഷം 1000 വിദ്യാർത്ഥികൾക്ക് 6000/- രൂപ വീതം നൽകുന്നു.<br>7. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള വിവാഹപൂർവ്വ കൗൺസിലിങ് പദ്ധതി. |

**സെക്ഷൻ ഓഫീസർ**